MALAYALA MANORAMA- 26-05-2019



ഞാറയ്ക്കലിലെ അക്വാ ടൂറിസം സെന്ററിൽ സന്ദർശകർക്കായി ഒരുക്കിയിരിക്കുന്ന സോളർബോട്ട് നീറ്റിലിറക്കുന്നു

# അക്വാടൂറിസം സെന്ററിൽ സോളർ ബോട്ട് എത്തി

ഞാറയ്ക്കൽ • സന്ദർശകർക്കായി ഞാറയ്ക്കലിലെ മത്സ്യഫെഡ് അക്വാ ടൂറിസം സെന്ററിൽ ഇനി സോളർ ബോട്ടും. ഏക്കറുകണക്കിനു വരുന്ന മൽസ്യഫാമിൽ മീനുകളെയെല്ലാം അടുത്തുകണ്ടു സഞ്ചരിക്കാനുള്ള സൗകര്യവും ഇതോടെ ലഭ്യമായി.

കേന്ദ്രമത്സ്യസാങ്കേതിക ഗവേഷണ സ്ഥാപനമായ സിഫ്റ്റ് ആണ് പരീക്ഷണാർഥം ബോട്ട് അക്വാടൂറിസം സെന്ററിൽ ലഭ്യമാക്കിയത്. ബോട്ടിന്റെ മേൽക്കൂരയിലാണ് സോളാർ പാനലുകൾ. ഓടിക്കുന്നയാൾ ഉൾപ്പെടെ ആറുപേർക്ക് സുഖമായി സഞ്ചരിക്കാം. ഇന്ധനച്ചെലവ് മാത്രമല്ല, മലിനീകരണമില്ലെന്നതും മേന്മയാണ്. സിഫ്റ്റ് ഫിഷിങ് ടെക്നോളജി വിഭാഗത്തിലെ ശാസ്ത്രജ്ഞൻ എം.വി.ബൈജുവാണ് ബോട്ട് രൂപകൽപന ചെയ്തത്. അരൂരിലെ സമുദ്ര ഷിപ്പ്യാർഡിലായിരുന്നു നിർമാണം.

ഐസിഎആർ ഡയറക്ടർ ജനറൽ ഡോ.ത്രിലോചൻ മഹാപാത്ര ഉദ്ഘാടനം ചെയ്തു. ഐസിഎആർ ഡെപ്യൂട്ടി ഡയറക്ടർ ജനറൽ ഡോ.കെ.ജെ.ജേന,എ ഡി ജി ഡോ.പി.പ്രവീൺ, സിഫ്റ്റ് ഡയറക്ടർ ഡോ.രവിശങ്കർ, സിഎംഎഫ്ആർഐ ഡയറക്ടർ ഡോ.ഗോപാലകൃഷ്ണൻ, ഡോ.ലീല എഡ്വിൻ, അക്വാ ടൂറിസം സെന്റർ മാനേജർ പി. നിഷ തുടങ്ങിയവർ സന്നിഹിതരായിരുന്നു

ഞാറയ്ക്കൽ ആശുപത്രിപ്പടിക്കു സമീപം ആറാട്ടുവഴി കടപ്പുറം റോഡിന്റെ തെക്കുവശത്താണ് സെന്റർ പ്രവർത്തിക്കുന്നത്. തുടക്കത്തിൽ മീൻ വിൽപനയായിരുന്നു ഇവിടെ നടന്നിരുന്നത്. എന്നാൽ വിശാലമായ ഫാമിനെക്കുറിച്ചു കേട്ടറിഞ്ഞ് കൂടുതൽ ആളുകൾ എത്തിത്തുടങ്ങിയതോടെ ഇവിടം വിനോദസഞ്ചാരകേന്ദ്രമായി മാറുകയായിരുന്നു. തുടർന്ന് സംസ്ഥാനസർക്കാർ ഇത് അക്വാ ടൂറിസം സെന്ററായി പ്രഖ്യാപിച്ചു. സിഫ്റ്റിന്റെ സാങ്കേതിക സഹായത്തോടെ ഒരുക്കിയ വാട്ടർ സൈക്കിൾ നേരത്തെ തന്നെ ഇവിടെ പ്രവർത്തിക്കുന്നുണ്ട്.